"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- മുനിസിപ്പൽ കോമൺ സർവ്വീസ്- വിജിലൻസ് കേസുമായി ബന്ധപ്പെട്ട് പയ്യന്നൂർ നഗരസഭയിൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. എം.എം. അനിൽകുമാറിനെതിരായി ആരംഭിച്ച നടപടി- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.476/2025/LSGD തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം:-

1. വി.സി.03/2005നമ്പർ വിജിലൻസ് കേസിലെ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി കോടതിയുടെ 31.10.2016 തീയതിയിലെ സി.സി.57/2016 നമ്പർ വിധിന്യായം.
2. 03.09.2021 തീയതിയിലെ ഇയു2-165/2017-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. നഗരകാര്യഡയറക്ടറുടെ 31.08.2022 തീയതിയിലെ ഡിയുഎ/7747/2022-വി2- നമ്പർ കത്ത്.
4. കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 11.12.2024 തീയതിയിലെ A1-3/52/2022-KPSC നമ്പർ കത്ത്.

**ഉത്തരവ്**

പയ്യന്നൂർ നഗരസഭയിൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. എം.എം.അനിൽകുമാറിനെതിരായ വിജിലൻസ് കേസിലെ പരാമർശം 1 പ്രകാരമുള്ള വിധിന്യായത്തിൽ ടിയാൻ കുറ്റക്കാരനാണെന്ന് കണ്ട് കോടതി ശിക്ഷ വിധിച്ചതിന്റെയടിസ്ഥാനത്തിൽ KCS(CCA)Rules ചട്ടം 18 ലെ വ്യവസ്ഥകൾ പ്രകാരം ടിയാനെതിരെ ആരംഭിച്ച നടപടി, 31.12.2018 ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നതിനാൽ കെ.എസ്.ആർ. ഭാഗം III ചട്ടം 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപാ വീതം 4 വർഷത്തേക്ക് കുറവുചെയ്യുന്നതിന് താല്ക്കാലിക തീരുമാനമെടുത്ത് പരാമർശം 2 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

2. കാരണം കാണിക്കൽ നോട്ടീസിന്മേലുള്ള ശ്രീ. എം.എം. അനിൽകുമാറിന്റെ മറുപടിയിൽ നഗരകാര്യഡയറക്ടർ ലഭ്യമാക്കിയ പരാമർശം 3 റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ.എം.എം.അനിൽകുമാർ വ്യക്തമായ മറുപടി സമർപ്പിച്ചിട്ടില്ലായെന്നതിനാൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിരുന്നു. അതിൻപ്രകാരം പെൻഷനിൽ നിന്ന് തുക കുറവുചെയ്യുന്നതിനുള്ള സർക്കാരിന്റെ താല്ക്കാലിക

തീരുമാനം സ്ഥിരപ്പെടുത്തുന്നതിൽ Rule 3(d) Part III, KSR പ്രകാരം കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരാമർശം 4 കത്ത് പ്രകാരം, ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, മേൽ വിഷയത്തിൽ KCS (CC&A) ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട് എന്ന് കാണുകയുണ്ടായി.

3. ഈ സാഹചര്യത്തിൽ പയ്യന്നൂർ നഗരസഭയിൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.എം.എം.അനിൽകുമാറിനെതിരായ നടപടിയിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണവകുപ്പ് കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 15-02-2025 11:16:03
സെക്ഷൻ ഓഫീസർ